തിന്റെ എത്ര ശതമാനം കൂടുതൽ യാത്രക്കാരെ കയറ്റുന്നതിനാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രൈവറ്റ് ബസ്സുകളിൽ ഓവർലോഡ് നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്;

(സി) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകളിൽ അനുവദിച്ചിട്ടുള്ളതിൽ കൂടുതൽ ഓവർലോഡ് കണ്ടാൽ കേസ്സെടുത്തു ചാർജ്ജ് ചെയ്യുന്നതിനോ റിപ്പോർട്ട് ചെയ്യുന്നതിനോ ആർക്കെങ്കിലും അധികാരം ഉണ്ടോ; ട്രാൻസ്പോർട്ട് സർവ്വീസ് തുടങ്ങിയതിനുശേഷം ഓവർലോഡിനു് ഒരു കേസ്സെങ്കിലും എടുത്തിട്ടുണ്ടോ;

(ഡി) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസ്സുകളിലും പ്രൈവറ്റ് ബസ്സുകളിലുമുള്ള ഓവർലോഡിനെ സംബന്ധിച്ച് ഗവണ്മെണ്ടു് വ്യത്യസ്തനയം അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്തു്?

Sri. E. John Philipose :

(*a*) Yes. 50 per cent over the seating capacity.

(*b*) Overloading is prohibited in private buses as per the provisions of the Motor Vehicles Act and Rules.

(*c*) No case of overloading is taken against the Transport Department. Cases of overloading have been referred to the Director of Transport for necessary action.

(*d*) The policy of Government in this matter has already been stated on the floor of the House many times before.

*൩൦൨. (൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പ്രൈവറ്റ് ബസ്സു സർവ്വീസു് നടത്തുന്ന എല്ലാ ലൈനുകളിലും ഓവർലോഡു് നിമിത്തം യാത്രക്കാർ കഷ്ടപ്പെടുന്നുണ്ടെന്നു് ഗവണ്മെണ്ടിനറിയാമോ;

(ബി) പ്രൈവറ്റ് ബസ്സു സർവ്വീസുകൾ നടത്തുന്നതിനു് അനുവാദം കൊടുക്കുന്ന വിഷയത്തിൽ യാത്രക്കാരുടെ സൗകര്യമാണോ ബസ്സു ഉടമസ്ഥന്മാരായ മുതലാളിമാരുടെ ലാഭവും താൽപ്പര്യവുമാണോ ഗവണ്മെണ്ടു് പരിഗണിക്കുന്നതെന്നു് പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് :

(എ) ചില ലൈനുകളിൽ ഓവർലോഡിംഗു് ഉണ്ടെന്നറിയാം.

(*b*) The member is referred to section 47 of the Motor Vehicles Act.

തിരുവല്ലാ—അമ്പലപ്പുഴ റോഡു്

*൩൦൩. (൫) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അമ്പലപ്പുഴ, അമ്പലപ്പുഴ മുതലായ കടൽതീരപ്രദേശങ്ങളും തിരുവല്ലാ, ചെങ്ങന്നൂർ, റാന്നി, കോന്നി മുതലായ കിഴക്കൻ പ്രദേശങ്ങളുമായി യോജിപ്പിക്കുന്നതിനുള്ള ഏറ്റവും എളുപ്പമാർഗ്ഗം തിരുവല്ലാ-അമ്പലപ്പുഴ റോഡു് പൂർത്തിയാക്കുകയാണെന്നു ഗവണ്മെണ്ടിനറിയാമോ;

(ബി) അമ്പലപ്പുഴനിന്നും കരുമാടിവരെയും, തിരുവല്ലാനിന്നും ഇടത്വാവരെയും റോഡു് പൂർത്തിയായിട്ടുണ്ടെന്നു് ഗവണ്മെണ്ടിനറിയാമോ;

(സി) ഇടത്വാനിന്നു് കരുമാടിക്കു് എത്ര ദൂരമുണ്ടെന്നും അതിനും ദൂരം റോഡുണ്ടാക്കുന്നതിനു് എത്ര ചിലവുവരുമെന്നും ഗവണ്മെണ്ടിനറിയാമോ;

(ഡി) ഇടത്വാ-കരുമാടി റോഡുപണി ഉടനെ തുടങ്ങണമെന്നും പൂർത്തിയാക്കണമെന്നും നിവേദനം കിട്ടിയിട്ടുണ്ടോ; അതിന്മേൽ വല്ല നടപടിയും നടത്തിയോ; എന്തു നടപടി?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് :

(എ) അറിയാം.

(ബി) അറിയാം. എന്നാൽ അമ്പലപ്പുഴനിന്നും കരുമാടിവരെയുള്ള ൨,൪൦൦ അടി നീളം വഴി ഗതാഗതസൗകര്യമില്ലാതെയാണിരിക്കുന്നതു്.

(സി) ഒരു മൈൽ ഒരു ഫർലോങ്ങു്. ഉദ്ദേശം പത്തുലക്ഷം രൂപാ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ലഭിച്ചിട്ടുണ്ട്. അതുസംബന്ധിച്ചുള്ള കണക്കുകൾ തയ്യാറാക്കി വരുന്നു.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: - ഈ റോഡിന്റെ പണി ഉടൻ പൂർത്തിയാക്കുമോ?

ശ്രീ. ഇ. ജാൻ ഫിലിപ്പോസ്: അതിന്റെ കൺട്രാക്ട് കൊടുത്തു കഴിഞ്ഞു. പണി കഴിയുന്നതും വേഗം ആരംഭിക്കുന്നതാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇടതപാ-അമ്പലപ്പുഴ റോഡിൽ എത്ര പാലമുണ്ട്?

ശ്രീ. ഇ. ജാൻ ഫിലിപ്പോസ്: എനിക്കറിഞ്ഞുകൂടാ.

പിന്നോക്ക സമുദായങ്ങൾ

*൩൦൪. (൩) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഹരിജനങ്ങളെ കൂടാതെ, പിന്നോക്ക സമുദായങ്ങളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള സമുദായങ്ങൾ ഏതെല്ലാം; ആ സമുദായങ്ങളുടെ സംരക്ഷണത്തിനായി ഗവൺമെണ്ട് എന്തെല്ലാം ചെയ്യുന്നുണ്ട്;

(ബി) മീൻപിടിത്തക്കാരെ പിന്നോക്ക സമുദായങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) ഹരിജനങ്ങളെന്നും പിന്നോക്കസമുദായങ്ങളെന്നും വിവരിക്കപ്പെടുന്ന സമുദായങ്ങളെല്ലാം ഒന്നാണ്. സാമൂഹ്യവും സാമ്പത്തികവുമായ അവശതകൾക്ക് വിധേയരായ ചില സമുദായങ്ങളെ പിന്നോക്കസമുദായങ്ങളെന്ന് പറയപ്പെടുന്നു.

(ബി) ഇല്ല. എന്നാൽ ചില വിദ്യാഭ്യാസസൗജന്യങ്ങൾ അനുഭവിക്കുന്നവരുണ്ട്. മാത്രവുമല്ല തൊഴിലിനെ അടിസ്ഥാനമാക്കിയല്ല പിന്നോക്കസമുദായക്കാരെ തരം തിരിക്കുന്നത്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: പിന്നെ എന്തിനെ അടിസ്ഥാനമാക്കിയാണ്?

ശ്രീ. എൻ. കുഞ്ഞുരാമൻ: സാമൂഹ്യവും സാമ്പത്തികവുമായ അവശതകളെ അടിസ്ഥാനമാക്കിയാണ്.

ശ്രീ. പി. എം. വർഗ്ഗീസ്: ഇന്ന് സാമൂഹ്യമായി സങ്കടമനുഭവിക്കുന്നവരുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അത് ഒമ്പക്കുതന്നെ അറിയാം.

Mr. Speaker: The member knows that.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പിന്നോക്കസമുദായത്തിൽപ്പെട്ട ഏതെല്ലാം സമുദായങ്ങളെ ഹരിജൻ വർഗ്ഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിന്റെ ഒരു ലിസ്റ്റുണ്ട് അത് ഞാൻ മേശപ്പുറത്തു വയ്ക്കാം.

Mr. Speaker: That will be placed on the table.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: നമ്പൂതിരിമാരെ പിന്നോക്കസമുദായക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അതിനനുസരിച്ച് പരിഗണിക്കണമെന്ന കാണിച്ച് എന്തെങ്കിലും പ്രമേയം ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീ. പി. ടി. ചാക്കോ: പിന്നോക്കസമുദായങ്ങൾ എന്ന തരംതിരിക്കലിൽ മതപരമായ പരിഗണനകൾ നോക്കാറുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: മതപരമായ പരിഗണന നോക്കാറില്ല. എന്നാൽ ഹിന്ദു സമുദായത്തിൽപ്പെട്ടവരെയാണ് പിന്നോക്കസമുദായങ്ങൾ എന്ന അടിസ്ഥാനത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ ഈ അടുത്തകാലത്തു് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവർക്കുള്ള സാമ്പത്തികമായ അവശതകളെ പരിഗണിച്ച് വിദ്യാഭ്യാസപരമായ സൗജന്യങ്ങൾ അവർക്കുകൂടി കൊടുക്കണമെന്ന് നിവേദനം ലഭിച്ചതിന്റെ ഫലമായി അവരെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly